പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5746 29.07.2015 ൽ മറുപടിക്ക്**

**കോട്ടായിൽ എസ്.ഐ ശ്രീ.ആർ.ശിവശങ്കരന് പ്രമോഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| എ) പാലക്കാട് ജില്ലയിലെ കോട്ടായിൽ എസ്.ഐ ആയി ജോലി നോക്കുന്ന ശ്രീ.ആർ.ശിവശങ്കരനെ എസ്.ഐ-ൽ നിന്നും സി.ഐ-ലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിൻെറ കാരണം വ്യക്തമാക്കുമോ; | എ) ഡി.പി.സി (ലോവർ) ആണ് സി.ഐ സ്ഥാനക്കയറ്റത്തിനായിട്ടുള്ള എസ്.ഐ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്. ശ്രീ.ആർ.ശിവശങ്കരനെ എസ്.ഐ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായിട്ട് 29.6.10, 4.2.11, 24.8.12, 1.11.13 എന്നീ ദിവസങ്ങളിൽ കൂടിയ ഡി.പി.സി (ലോവർ)-യും 26.05.15-ൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി (ലോവർ)-യും പരിഗണിച്ചെങ്കിലും ടിയാന്റെ Annual Confidential Report ൽ adverse remarks ഉള്ളതിനാലും ടിയാനെതിരെ ശിക്ഷണനടപടികൾ ഉണ്ടായതിനാലും ടിയാനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| ബി) 23-ാം ബാച്ചുകാരനും 2003-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത പട്ടികജാതിക്കാരനായ ശ്രീ.ആർ.ശിവശങ്കരന്റെ പേരിൽ എന്തെങ്കിലും അച്ചടക്കനടപടിയോ ശിക്ഷാ നടപടികളോ നിലിവിലുണ്ടോ; വിശദമാക്കുമോ; | ബി) അച്ചടക്കനടപടിയോ ശിക്ഷാ നടപടിയോ നിലിവിലില്ല. എന്നാൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ വേണ്ടി ടിയാനെ ഡി.പി.സി (ലോവർ) അഡ്ഹോക്ക് ഡി.പി.സി (ലോവർ) പരിഗണിച്ചപ്പോൾ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ താഴെ വിവരിക്കുന്ന അച്ചടക്ക/ശിക്ഷണ നടപടികൾ ഉണ്ടായിരുന്നു.<br>1. 9.8.06-ലെ ഡി.ഒ നം.860/06 ആർ ഉത്തരവ് പ്രകാരം വാർഷിക വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു വച്ചു.<br>2. 5.1.08-ലെ ഐ.ജി.പി (ഐ.എസ്) ന്റെ എസ്2 /45709/06 എസ് ബി ഉത്തരവ് പ്രകാരം വാർഷിക വർദ്ധനവ് രണ്ട് വർഷക്കാലത്തേക്ക് സഞ്ചിതസ്വഭാവത്തോടെ അല്ലാതെ തടഞ്ഞു വച്ചു.<br>3. 15.01.08-ലെ ഐ.ജി.പി (ഐ.എസ്) ന്റെ |

| | |
|---|---|
| | എസ്2/50992/06 എസ് ബി പ്രകാരം വാർഷിക വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിതസ്വഭാവത്തോടെ അല്ലാതെ തടഞ്ഞു വച്ചു.<br>4. 22.12.08-ലെ ഐ.ജി.പി (സെക്യൂരിറ്റി) യുടെ എസ്2/64398/06 എസ് ബി ഉത്തരവ് പ്രകാരം വാർഷിക വർദ്ധനവ് മൂന്ന് വർഷത്തേക്ക് സഞ്ചിതസ്വഭാവത്തോടെ അല്ലാതെ തടഞ്ഞു-വച്ചു.<br>5. 9.7.10-ലെ ഐ.ജി.പി തൃശൂരിന്റെ TSRO No. 171/10 ഉത്തരവ് പ്രകാരം വാർഷിക വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുവച്ചു.<br>6. 15.9.12-ലെ ഐ.ജി.പി തൃശൂരിന്റെ TSRO No. 268/12 പ്രകാരം വാർഷിക വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു വച്ചു. |
| **സി)** ഇല്ലെങ്കിൽ ശ്രീ ആർ. ശിവശങ്കരനെ ഡി.പി.സി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉദ്യോഗക്കയറ്റം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | **സി)** പിരിവ് എ യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ